ഒന്നര ദിവസത്തിൽ 50 കൃത്രിമ ചെവികൾ നിർമിച്ച് അമൃത ഹോസ്പിറ്റൽ

കൊച്ചി: ഒന്നര ദിവസത്തിനുള്ളിൽ 50 ഇംപ്ലാന്റ് അധിഷ്ഠിത സിലിക്കൺ ഓറിക്കുലാർ പ്രോസ്തെസിസുകൾ (കൃത്രിമ ചെവികൾ) നിർമ്മിച്ച് അമൃത ഹോസ്പിറ്റൽ റെക്കോർഡ് നേട്ടം കുറിച്ചു.അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പ്രോസ്തോഡോൺടിക്സ് വിഭാഗവും ഹെഡ് ആൻഡ് നെക്ക് പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്റ്റീവ് സർജറി വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച ത്രിദിന ദേശീയ കോൺക്ലേവ് 'മാക്സ്ഫാക് 2026 ലാണ് അമൃത ആശുപത്രി ശ്രദ്ധേയമായ നേട്ടം കൈവരിച്ചത്. അപകടങ്ങൾ മൂലമോ ക്യാൻസർ മൂലമോ മുഖത്തുണ്ടാകുന്ന വൈകല്യങ്ങൾ കൃത്രിമമായി പുനഃസൃഷ്ടിക്കുന്ന രീതിയാണ് മാക്സിലോഫേഷ്യൽ പ്രോസ്തെറ്റിക് റീഹാബിലിറ്റേഷൻ.

അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രിയിലെ പ്രോസ്തോഡോൺടിക്സ് വിഭാഗവും ഹെഡ് ആൻഡ് നെക്ക് പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്റ്റീവ് സർജറി വിഭാഗവും സംയുക്തമായി സംഘടിപ്പിച്ച ത്രിദിന ദേശീയ കോൺക്ലേവ് 'മാക്സ്ഫാക് 2026 കൊച്ചി അമൃത ആശുപത്രിയിൽ അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പ്രൊവോസ്റ്റ് ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്യുന്നു.മാക്സ്ഫാക് ചെയർമാൻ ഡോ. സുബ്രഹ്മണ്യ അയ്യർ, സെക്രട്ടറി ഡോ. മഞ്ജു വി, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, എന്നിവർ സമീപം.

ഈ മേഖലയിൽ പുത്തൻ സാങ്കേതികവിദ്യകൾ പങ്കുവെക്കാനായിട്ടാണ് ത്രിദിന ശിൽപശാല സംഘടിപ്പിച്ചത്. ശിൽപ്പശാല അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്പ്രൊ സ്റ്റ് ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്തു.രാജ്യത്തെ വിവിധ പ്രമുഖ മെഡിക്കൽ സ്ഥാപനങ്ങളിൽ നിന്നായി 250 ലധികം വിദഗ്ധ ഡോക്ടർമാരും പ്രതിനിധികളും ത്രിദിന പരിശീലന പരിപാടിയിൽ പങ്കെടുത്തു. വെർച്വൽ റിയാലിറ്റി, ഓഗ്മെന്റഡ് റിയാലിറ്റി , ഫേഷ്യൽ സ്കാനിംഗ്, 3D പ്രിന്റിംഗ്, 5-ആക്സിസ് മില്ലിംഗ് മെഷീൻ തുടങ്ങിയവയിലും വിദഗ്ധർ പരിശീലനം നൽകി.

മാക്സ്ഫാക് ചെയർമാൻ ഡോ. സുബ്രഹ്മണ്യ അയ്യർ, സെക്രട്ടറി ഡോ. മഞ്ജു വി, അമൃത സ്കൂൾ ഓഫ് ഡെന്റിസ്ട്രി പ്രിൻസിപ്പൽ ഡോ. ബാലഗോപാൽ വർമ്മ, ഇന്ത്യൻ പ്രോസ്തോഡോൺടിക് സൊസൈറ്റി ഭാരവാഹികളായ ഡോ. ശ്യാം മോഹൻ, ഡോ. സന്തോഷ് ജോൺ, ഡോ. രാകേഷ് എസ്. എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകി.

ക്യാൻസർ വേദനസംഹാരികൾ മാരക ലഹരിയാക്കി; ഇടുക്കിയിൽ മൂന്ന് യുവാക്കൾ പിടിയിൽ

നെടുങ്കണ്ടം: ഇടുക്കിയിൽ ലഹരിക്കായി കാൻസർ ബാധിതർക്ക് നൽകുന്ന തീവ്ര വേദനസംഹാരി ഗുളികകൾ കുത്തിവെച്ച് ഉപയോഗിച്ച മൂന്ന് യുവാക്കൾ പിടിയിലായി. 'ഓപ്പറേഷൻ തൂഫാന്റെ' ഭാഗമായി നെടുങ്കണ്ടം പൊലീസ് നടത്തിയ പ്രത്യേക പരിശോധനയിലാണ് ഇവർ വലയിലായത്. നെടുങ്കണ്ടം പുതുകിൽ പ്രാഞ്ചി എന്ന ഫ്രാൻസിസ്, ചിറക്കുന്നേൽ അൻസിൽ, മഞ്ഞപ്പാറ മന്നിക്കൽ ജെസ്മിൻ എന്നിവരാണ് അറസ്റ്റിലായതെന്ന് പൊലീസ് അറിയിച്ചു.

കഴിഞ്ഞ രാത്രി നെടുങ്കണ്ടം ഉമ്മാക്കട ഭാഗത്ത് റോഡരികിൽ സംശയാസ്പദമായ സാഹചര്യത്തിൽ ഫ്രാൻസിസും അൻസലും നിൽക്കുന്നത് കണ്ട് പൊലീസ് സംഘം പരിശോധന നടത്തുകയായിരുന്നു. ഇവർ കൈവശം വെച്ചിരുന്ന കവറിൽ നിന്ന് ടാബ്ലറ്റുകളും സിറിഞ്ചുകളും അടങ്ങിയ പാക്കറ്റുകളും, കപ്പളത്തിന്റെ (പപ്പായ) തണ്ട് ഘടിപ്പിച്ച കുപ്പികളും കണ്ടെടുത്തു. തുടർന്ന് നടത്തിയ വിശദമായ ചോദ്യം ചെയ്യലിലാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നത്.

കീമോതെറാപ്പിക്ക് ശേഷം കാൻസർ രോഗികൾക്ക് വേദന കുറയ്ക്കാൻ നൽകുന്ന 'ടാപെന്റാഡോൾ 100 മില്ലിഗ്രാം' എന്ന ഗുളികകളാണ് ഇവർ ലഹരിക്കായി ഉപയോഗിച്ചിരുന്നത്. ഈ ഗുളികകൾ വിവിധ രീതികളിൽ വെള്ളത്തിൽ ലയിപ്പിച്ച ശേഷം വേദന കുറഞ്ഞ ഇൻസുലിൻ ഇഞ്ചക്ഷൻ സിറിഞ്ചുകൾ ഉപയോഗിച്ച് ശരീരത്തിലേക്ക് കുത്തിവെക്കുകയായിരുന്നു ഇവരുടെ രീതി. പ്രതികളുടെ പക്കൽ നിന്ന് കണ്ടെടുത്ത സിഗരറ്റ്, ബീഡി എന്നിവയിൽ കഞ്ചാവ് നിറച്ചിരുന്നതായും പൊലീസ് കണ്ടെത്തിയിട്ടുണ്ട്. പ്ലാസ്റ്റിക് കുപ്പിയിൽ കപ്പളത്തിന്റെ തണ്ട് ഘടിപ്പിച്ച് കഞ്ചാവ് പുകച്ച് വലിക്കുന്ന പ്രത്യേക രീതിയും ഇവർ ഉപയോഗിച്ചിരുന്നു. വേദനസംഹാരി കുത്തിവെച്ച ശേഷം ഈ രീതിയിൽ കഞ്ചാവ് ഉപയോഗിച്ചാൽ രണ്ടു ദിവസത്തോളം കടുത്ത ലഹരി ലഭിക്കുമെന്നാണ് യുവാക്കൾ പൊലീസിനോട് സമ്മതിച്ചത്.

കട്ടപ്പനയിലുള്ള 'ക്യാപ്സ്യൂൾ' എന്ന മെഡിക്കൽ സ്റ്റോറിൽ നിന്നാണ് ഇവർ ഈ ഗുളികകൾ വാങ്ങിയത്. ദിവാകർ എന്നയാളാണ് 22,000 രൂപ നൽകി ഈ ഗുളികകൾ വാങ്ങാൻ തങ്ങളെ പറഞ്ഞയച്ചതെന്ന് പ്രതികൾ പൊലീസിനോട് വെളിപ്പെടുത്തിയിട്ടുണ്ട്.

ഹ്യൂമൻ ലൈബ്രറിക്ക് തുടക്കം കുറിച്ചു

മഞ്ഞപ്ര: മഞ്ഞപ്ര ഗ്രാമക്ഷേമം ലൈബ്രറിയിൽ വായനപക്ഷാചരണത്തിന്റെ ഭാഗമായി ഹ്യൂമൻ ലൈബ്രറിക്ക് തുടക്കം കുറിച്ചു. സമൂഹത്തിലെ വിവിധ തലങ്ങളിൽ പ്രവർത്തിക്കുന്നവർ തങ്ങളുടെ അനുഭവങ്ങൾ മറ്റുള്ളവരുമായി പങ്ക് വയ്ക്കുന്ന പരിപാടിയാണ് ഹ്യൂമൻ ലൈബ്രറി . എല്ലാ മാസവും വിവിധ മേഖലകളിലുള്ളവർ ലൈബ്രറിയിൽ തങ്ങളുടെ അനുഭവങ്ങൾ പങ്ക് വയ്ക്കും'. ആലുവ താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എസ്.എ.എം.കമാൽ ഹ്യൂമൻ ലൈബ്രറി ഉദ്ഘാടനം ചെയ്തു.

അങ്കമാലി മേഖലയിലെ മുതിർന്ന സാഹിത്യകാരൻ മഞ്ഞപ്ര ഉണ്ണികൃഷ്ണൻ തന്റെ അനുഭവങ്ങൾ വായനക്കാരുമായി പങ്കുവച്ചു. എസ്.നിഖിൽ സൈബർ സുരക്ഷ അവബോധ ക്ലാസിന് നേതൃത്വം നൽകി.

ഗ്രാമക്ഷേമം ലൈബ്രറി പ്രസിഡന്റ് സജീവ് അരീക്കൽ അധ്യക്ഷത വഹിച്ചു. ലൈബ്രറി സെക്രട്ടറി കെ.കെ.വിജയൻ, സഹൃദയ ലൈബ്രറി പ്രസിഡന്റ് ടി.എൽ. പ്രദീപ് ,വനിതാവേദി പ്രസിഡന്റ് വിജയലക്ഷ്മി ചന്ദ്രൻ, കമ്മിറ്റി അംഗം സന്തോഷ് പുതുവാശേരി, പുരോഗമന കലാ സാഹിത്യ സംഘം സെക്രട്ടറി നോബി കുഞ്ഞപ്പൻ, കവി തങ്കച്ചൻ ജോസഫ്, ലൈബ്രേറിയൻ പി. ആർ. ആനന്ദ് എന്നിവർ പ്രസംഗിച്ചു.

ഹൈബ്രിഡ് കഞ്ചാവ് കേസന്വേഷണം തമിഴ്നാട്ടിലേക്കും വ്യാപിപ്പിക്കും

കൊച്ചി: പെരുമ്പാവൂരിൽ 16 കോടിയുടെ ഹൈബ്രിഡ് കഞ്ചാവ് പിടികൂടിയ കേസിൽ അന്വേഷണം തമിഴ്നാട്ടിലേക്കും വ്യാപിപ്പിക്കുന്നു. പ്രതികളായ ആയുഷിന്റേയും അനികയുടേയും കൂട്ടാളികൾ തമിഴ്നാട് കേന്ദ്രീകരിച്ച് ലഹരി കച്ചവടം നടത്തുന്നതായി കണ്ടെത്തിയിരുന്നു. ഇതിനുപിന്നാലെയാണ് അന്വേഷണം വ്യാപിക്കുന്നത്. കൂടുതൽ പേർ ഉടൻ പിടിയിലാകും.സമീപകാലത്ത് നടന്ന ഏറ്റവും വലിയ ഹൈബ്രിഡ് കഞ്ചാവുവേട്ടയാണ് പെരുമ്പാവൂരിലേത്. എറണാകുളം റൂറൽ എസ്പിയുടെ നേതൃത്വത്തിലുള്ള ഡാൻസാഫ് സംഘമാണ് പരിശോധന നടത്തിയത്. ആയുഷ് ഹൗബ്രിഡ് കഞ്ചാവ് കടത്തുന്നുണ്ട് എന്ന് ഡാൻസാഫ് സംഘത്തിന് രഹസ്യവിവരം ലഭിച്ചിരുന്നു.

ഇതിനെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് പെരുമ്പാവൂർ മാറമ്പള്ളിയിൽവച്ച് ആയുഷ് സഞ്ചരിച്ചിരുന്ന സ്കൂട്ടർ തടഞ്ഞ് പൊലീസ് പരിശോധന നടത്തിയത്. സ്കൂട്ടറിനുള്ളിൽ പ്ലാസ്റ്റിക് കവറിൽ പൊതിഞ്ഞ നിലയിലാണ് കഞ്ചാവ് കണ്ടെടുത്തത്. ഒന്നേകാൽ കിലോ കഞ്ചാവാണ് ഉണ്ടായിരുന്നത്. പിന്നാലെ ആയുഷിനെ ചോദ്യംചെയ്തതിൽ നിന്നാണ് പെരുമ്പാവൂരിൽ ഇയാൾ താമസിച്ചിരുന്ന ഫ്ളാറ്റിൽ ഹൈബ്രിഡ് കഞ്ചാവ് ഒളിപ്പിച്ചിട്ടുണ്ട് എന്ന വിവരം ലഭിക്കുന്നത്.

തുടർന്ന് ഫ്ളാറ്റിൽ എത്തി നടത്തിയ പരിശോധനയിൽ 16 കിലോ ഹൈബ്രിഡ് കഞ്ചാവാണ് കണ്ടെടുത്തത്. ആറുദിവസമേ ആയിട്ടുള്ളൂ ആയുഷ് ഈ ഫ്ളാറ്റിൽ താമസം തുടങ്ങിയിട്ട് എന്നാണ് പൊലീസ് പറയുന്നത്. ഒരു തരത്തിലുള്ള രേഖകളും നൽകാതെയാണ് ഇയാൾ അവിടെ താമസിച്ചിരുന്നത്. ഫ്ളാറ്റ് കേന്ദ്രീകരിച്ച് ആയുഷ് ലഹരിവിൽപന നടത്തിവരികയായിരുന്നു എന്നാണ് പൊലീസിന് ലഭിച്ചിട്ടുള്ള വിവരം.

യൂണിറ്റ് സമ്മേളനങ്ങൾക്ക് തുടക്കം

കോതമംഗലം: വ്യാപാരി വ്യവസായി സമിതി യൂണിറ്റ് സമ്മേളനങ്ങൾക്ക് തുടക്കമായി. കേരള സംസ്ഥാന വ്യാപാരി വ്യവസായി സമിതി കോതമംഗലം ഏരിയ പരിധിയിലെ കോട്ടപ്പടി ,തങ്കളം യൂണിറ്റ് സമ്മേളനങ്ങൾ പൂർത്തിയായി. വിദ്യാഭ്യാസ പുരസ്കാര വിതരണവും മുതിർന്ന വ്യാപാരികളെ ആദരിക്കൽ ചടങ്ങും ഉണ്ടായിരുന്നു .യൂണിറ്റ് സമ്മേളനങ്ങൾ സമിതി ഏരിയ സെക്രട്ടറി കെ എ നൗഷാദ് ഉദ്ഘാടനം നിർവഹിച്ചു.

കോട്ടപ്പടിയിൽ വിദ്യാഭ്യാസ പുരസ്കാര വിതരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉമേഷ് ശിവകുമാർ നിർവഹിച്ചു ,തങ്കളത്ത് മുതിർന്ന വ്യാപാരികളെ ആദരിക്കൽ റഷീദ സലിം നിർവഹിച്ചു. സമിതി ജില്ലാ നേതാക്കളായ കെ എം പരീത്, എം യു അഷ്റഫ്, പി എച്ച് ഷിയാസ് ,യാസർ അരാഫത്ത്, എം പി ബഷീർ, സജി മാടവന എന്നിവരും പങ്കെടുത്തു സംസാരിച്ചു. കോട്ടപ്പടി യൂണിറ്റ് ഭാരവാഹികളായി ഷാജി വർഗീസ് പ്രസിഡന്റ്, ഹനീഫ കെ, സെക്രട്ടറി ടി എ ശശി ട്രഷറർ എന്നിവരെയും തങ്കളം യൂണിറ്റ് ഭാരവാഹികളായി അലിയാർ പി എച്ച് പ്രസിഡന്റ്,ജിജോ എൻ പി സെക്രട്ടറി, എം പി ബഷീർ ട്രഷറർ എന്നിവരെയും സമ്മേളനം തിരഞ്ഞെടുത്തു.

ലോക വോളിബോൾ മത്സരങ്ങളിൽ ഇനി മലയാളി വിസിൽ മുഴക്കും

പറവൂർ: ചൈനയിലെ ഷാങ്ലുവോ യിൽ 2026 ജൂലൈ 1 മുതൽ 10 വരെ നടക്കുന്ന അണ്ടർ18 ലോക സ്കൂൾസ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ മലയാളിയായ ജിബിൻ ജോർജ് എം മത്സരം നിയന്ത്രിക്കും. ഏകദേശം 30 ഓളം രാജ്യങ്ങൾ പങ്കെടുക്കുന്ന ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ഒഴികെയുള്ള മറ്റ് രാജ്യങ്ങളുടെ മത്സരങ്ങൾ നിയന്ത്രിക്കാൻ അവസരമുള്ള ഏക മലയാളിയാണ് ജിബിൻ.2016 മുതൽ ഗോതുരുത്ത് സെന്റ് സെബാസ്റ്റ്യൻ ഹയർസെക്കൻഡറി സ്കൂളിലെ കായിക അധ്യാപകനാണ്. മുൻ ദേശീയ വോളിബോൾ താരംകൂടിയായ ജിബിൻ തന്റെ പരിശീലനത്തിലൂടെ നിരവധി ദേശീയ താരങ്ങളെ വാർത്തെടുത്തിട്ടുണ്ട്.

ജിബിൻ ജോർജ് എം

2008 മുതൽ സ്റ്റേറ്റ് റഫറി പാനലിലേക്കും 2015 മുതൽ ദേശീയ വോളിബോൾ റഫറി പാനലിലേക്കും (വോളി ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ) തെരഞ്ഞെടുക്കപ്പെട്ടു. സീനിയർ നാഷണൽ, ഓൾ ഇന്ത്യ പോലീസ് ഗെയിംസ് ഉൾപ്പെടെ നിരവധി ദേശീയ മത്സരങ്ങൾ നിയന്ത്രിച്ചിട്ടുണ്ട്. 2023ലും 25ലും നാഷണൽ സ്കൂൾസ് വോളിബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കിയ കേരള വനിതാ ടീമിന്റെ മാനേജർ, 2024 ലും 25ലും ഉത്തർപ്രദേശിൽ നടന്ന നാഷണൽ സ്കൂൾ വോളിബോൾ ചാമ്പ്യൻഷിപ്പ് മത്സരം നിയന്ത്രിച്ച ഏക മലയാളി കൂടിയാണ്.

നാഗ്പൂർ ഓഫീസേഴ്സ് ട്രെയിനിങ് അക്കാദമിയിൽ നിന്നും പരിശീലനം പൂർത്തിയാക്കി ഇന്ത്യൻ നേവിയിൽ എൻ സി സി യിൽ തേർഡ് ഓഫീസറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. കൂടാതെ മധ്യകേരളത്തിലെ വള്ളംകളിയുടെ സ്റ്റാർട്ടറും ഗോതുരുത്ത് എസ് എസി ക്ലബ്ബിന്റെ വൈസ് പ്രസിഡന്റ് കൂടിയാണ്. ഗോതുരുത്ത് മട്ടക്കൽ വീട്ടിൽ പരേതനായ ജോർജിന്റെയും ശാന്തയുടെയും മകനാണ്. ഭാര്യ അധ്യാപിക സോഫിയ. കെ ജെ മക്കൾ അൽന ജിബിൻ എയ്ഞ്ചൽ ജിബിൻ

കൊച്ചി മെട്രോയ്ക്ക് രാജ്യാന്തര പുരസ്കാരം; മൾട്ടിമോഡൽ ഇന്റഗ്രേഷൻ പദ്ധതിക്ക് യുഐടിപി ഇംപാക്റ്റ് അവാർഡ്

കൊച്ചി: മെട്രോ റെയിൽ, വാട്ടർ മെട്രോ, ഫീഡർ സർവീസുകൾ, നടപ്പാതകൾ, സൈക്കിൾ സൗകര്യങ്ങൾ തുടങ്ങി വിവിധ ഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നൂതന മൾട്ടിമോഡൽ ഇന്റഗ്രേഷൻ പദ്ധതിക്ക് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് പൊതുഗതാഗത മേഖലയിലെ ഏറ്റവും ഉയർന്ന അന്താരാഷ്ട്ര അംഗീകാരങ്ങളിലൊന്നായ യു.ഐ.ടി.പി ഇംപാക്ട് അവാർഡ് ലഭിച്ചു.

ബെൽജിയത്തിലെ ബ്രസൽസിൽ 23-ന് നടന്ന യു ഐ ടി പി അവാർഡ്സ് 2026 ചടങ്ങിലാണ് പുരസ്കാരം സമ്മാനിച്ചത്. പൊതുഗതാഗത മേഖലയിലെ ആഗോള സംഘടനയായ ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് പബ്ലിക് ട്രാൻസ്പോർട്ട് ലോകമെമ്പാടുമുള്ള മികച്ചതും നൂതനവുമായ പൊതുഗതാഗത പദ്ധതികൾക്കാണ് ഈ പുരസ്കാരം നൽകുന്നത്.

വിവിധ ഗതാഗത സംവിധാനങ്ങളെ ഏകോപിപ്പിച്ചുകൊണ്ടുള്ള നൂതന മൾട്ടിമോഡൽ ഇന്റഗ്രേഷൻ എന്ന പദ്ധതിക്കാണ് കെ.എം.ആർ.എല്ലിന് പുരസ്കാരം ലഭിച്ചത്. മെട്രോ റെയിൽ, കൊച്ചി വാട്ടർ മെട്രോ, ഇലക്ട്രിക് ഫീഡർ ബസുകൾ, കാൽനടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ, സൈക്കിൾ ഷെയറിംഗ് സംവിധാനം, ഡിജിറ്റൽ മൊബിലിറ്റി സേവനങ്ങൾ എന്നിവയെ ഒരൊറ്റ ശൃംഖലയിലേക്ക് ഏകോപിപ്പിച്ച് യാത്രക്കാർക്ക് തടസ്സമില്ലാത്തതും സൗകര്യപ്രദവും പരിസ്ഥിതി സൗഹൃദവുമായ യാത്രാനുഭവം ഒരുക്കിയ പദ്ധതിയെന്ന നിലയിലാണ് ഇത് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധ നേടിയത്.

പുരസ്കാര നേട്ടത്തിൽ സന്തോഷം പ്രകടിപ്പിച്ച കെ.എം.ആർ.എൽ മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ, ലോകോത്തര നിലവാരത്തിലുള്ള, സുസ്ഥിരവും യാത്രക്കാരെ കേന്ദ്രീകരിച്ചുള്ള ഗതാഗത സംവിധാനങ്ങൾ ഒരുക്കാനുള്ള കെ.എം.ആർ.എല്ലിന്റെ പ്രതിബദ്ധതയ്ക്കുള്ള അംഗീകാരമാണ് ഈ പുരസ്കാരമെന്ന് പറഞ്ഞു. കൊച്ചി വാട്ടർ മെട്രോ, സംയോജിത ടിക്കറ്റിംഗ് സംവിധാനം, ഇലക്ട്രിക് ഫീഡർ ബസ് സർവീസുകൾ, ലാസ്റ്റ് മൈൽ കണക്റ്റിവിറ്റി പദ്ധതികൾ, ട്രാൻസിറ്റ് ഓറിയന്റഡ് ഡെവലപ്മെന്റ് തുടങ്ങിയ സംരംഭങ്ങളിലൂടെ കാർബൺ പുറന്തള്ളൽ കുറയ്ക്കുന്നതിലും മൾട്ടിമോഡൽ ഗതാഗത സംവിധാനങ്ങൾ വികസിപ്പിക്കുന്നതിലും രാജ്യത്തിന് മാതൃകയാകാൻ കെ.എം.ആർ.എല്ലിന് കഴിഞ്ഞിട്ടുണ്ട്.

ഈ അന്താരാഷ്ട്ര അംഗീകാരം കൊച്ചിയുടെ സുസ്ഥിര നഗരഗതാഗത മാതൃകയ്ക്ക് ആഗോള തലത്തിൽ കൂടുതൽ ശ്രദ്ധ നേടിക്കൊടുക്കുന്നതിനൊപ്പം, രാജ്യത്തെ മറ്റ് നഗരങ്ങളിലേക്കും സംയോജിത ഗതാഗത പരിഹാരങ്ങൾ വ്യാപിപ്പിക്കാനുള്ള കെ.എം.ആർ.എല്ലിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ കരുത്തേകുമെന്നും പ്രതീക്ഷിക്കുന്നു.

ഹൈബി ഈഡന്റെ വീട്ടിൽ കയറി അതിക്രമം യുവാവ് അറസ്റ്റിൽ

● പൊലീസ് വീഴ്ച ആഭ്യന്തരമന്ത്രി നഗരത്തിലുള്ള ദിവസം

കൊച്ചി: ഹൈബി ഈഡൻ എംപിക്കെതിരെ വധഭീഷണി മുഴക്കുകയും, വീട്ടുവളപ്പിൽ കടന്ന് അക്രമം നടത്തുകയും ചെയ്തയാൾ പിടിയിൽ. തൃപ്പൂണിത്തുറ സ്വദേശി അലക്സ് ചാക്കോയാണ് (43) അറസ്റ്റിലായത്. കലൂർ ജോർജ് ഈഡൻ റോഡിലെ അമ്പാട്ട് വീട്ടിൽ പുലർച്ചെ രണ്ടേമുക്കാലോടെയായിരുന്നു അക്രമം. വീട്ടുവളപ്പിൽ അതിക്രമിച്ചു കടന്ന് സാധനസാമഗ്രികൾ ഇയാൾ അടിച്ചുതകർത്തിരുന്നു.

താൻ എംപിയുടെ വസതിയിൽ അതിക്രമം നടത്തിയെന്നും കാർ കത്തിക്കാൻ പോവുകയാണെന്നും പ്രതി പൊലീസ് കൺട്രോൾ റൂമിൽ വിളിച്ചറിയിച്ചിരുന്നു. രാത്രി 12.45ന് പ്രതി എംപിയുടെയും ഭാര്യയുടെയും വാട്സാപ് നമ്പറുകളിലേക്ക് ഭീഷണി സന്ദേശങ്ങൾ അയച്ചിരുന്നു. ഫോണിൽ വിളിച്ചും കൊല്ലുമെന്നു ഭീഷണിപ്പെടുത്തി. പുലർച്ചെ 3 മണിയോടെ എന്തോ എറിഞ്ഞു പൊട്ടിക്കുന്ന ശബ്ദം കേട്ടതായി ഹൈബിയുടെ ഭാര്യ അന്ന ലിൻഡ പറഞ്ഞു.

രാവിലെ പുറത്തിറങ്ങി നോക്കിയപ്പോഴാണ് വീടിനു മുന്നിലെ മുപ്പതോളം സെറാമിക് ചെടിച്ചട്ടികൾ സിറ്റൗട്ടിലും സമീപത്തുമായി അടിച്ചു തകർത്തതു കണ്ടത്. പൊട്ടിക്കിടക്കുന്ന ചെടിച്ചട്ടികൾക്ക് ഇടയിൽനിന്നു മുന്നിലെ സിസിടിവി ക്യാമറയിൽ മുഖം പതിയുന്ന വിധത്തിൽ സെൽഫി വിഡിയോ എടുത്ത പ്രതി ഈ ദൃശ്യങ്ങളും, അക്രമവിവരം പൊലീസിൽ കൺട്രോൾ റൂമിൽ അറിയിക്കുന്നതിന്റെ ഫോൺ റെക്കോർഡിങ്ങും ഹൈബിക്കും ഭാര്യയ്ക്കും വാട്സാപ്പിൽ അയച്ചു നൽകുകയും ചെയ്തിരുന്നു.

ഹൈബി ഈഡന്റെ പ്രീഡിഗ്രി കാലത്തെ സഹപാഠിയാണ് അലക്സ്. വീടിന്റെ ജപ്തി നടപടികൾ ഹൈബി ഇടപെട്ടു തടയണം എന്ന ആവശ്യം പ്രതി ഉന്നയിച്ചിരുന്നു. എന്നാൽ, ബാങ്ക് നടപടികളിൽ സാധ്യമാകുന്ന തരത്തിൽ ഇടപെട്ടിരുന്നുവെന്നും, പൂർണമായും ലോൺ തിരിച്ചടയ്ക്കുന്നത് ഒഴിവാക്കാനാവില്ലെന്നും ഹൈബി അറിയിച്ചിരുന്നു. ഇതിൽ പ്രകോപിതനായാണ് അതിക്രമം നടത്തിയതെന്ന് പൊലീസ് പറയുന്നു.

അറസ്റ്റിലായ അലക്സ് ചാക്കോ, ഹൈബി ഈഡൻ എംപിയുടെ വീട്ടിലെ ചെടിച്ചട്ടികൾ തകർത്ത നിലയിൽ.

വിവരം അറിഞ്ഞിട്ടും പൊലീസ് തിരിഞ്ഞു നോക്കിയില്ലെന്ന് ആരോപണം ഉയരുന്നു. പ്രതി അക്രമശേഷം പൊലീസ് കൺട്രോൾ റൂമിൽ വിളിച്ചറിയിച്ചിരുന്നു. എന്നാൽ, രാവിലെ എംപിയുടെ ഭാര്യ അന്ന ലിൻഡ കൺട്രോൾ റൂമിൽ വിളിച്ചു പരാതി അറിയിച്ച ശേഷമാണു പൊലീസ് സ്ഥലത്തെത്തിയതെന്നാണ് ആരോപണം. ആഭ്യന്തര മന്ത്രി നഗരത്തിലുള ദിവസം തന്നെയാണ് പൊലീസ് ഗുരുതര വീഴ്ച വരുത്തിയത്.

അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളെജിൽ നടന്ന ബിരുദ ദാന സമ്മേളനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ സെർട്ടിഫിക്കറ്റുകൾ നൽകി ഉത്ഘാടനം ചെയുന്നു.

വിദ്യാർഥികൾ തൊഴിൽ ദാതാക്കളാകണം: റോജി എം ജോൺ

കേരളത്തിലെ വിദ്യാർത്ഥികൾ തൊഴിൽ തേടുന്നവരേക്കാൾ തൊഴിൽ ദാതാക്കളായി മാറണമെന്ന് സംസ്ഥാന ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി റോജി എം ജോൺ പറഞ്ഞു, അങ്കമാലി ഫിസാറ്റ് എൻജിനിയറിങ് കോളെജിൽ നടന്ന ബിരുദ സമർപ്പണ ദിനത്തോട് അനുബന്ധിച്ചുള്ള സമ്മേളനം ഉത്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ദീർഘ നാളത്തെ കാത്തിരുപ്പ് പൂർത്തിയാക്കി നിങ്ങൾ പുറത്തിറങ്ങുമ്പോൾ നിങ്ങളുടെ സ്വപനങ്ങളെ ചേർത്തുപിടിക്കാൻ നിങ്ങൾക്ക് കഴിയണം . കേരളത്തിലേക്ക് മാതൃക പരമായി പുറം സംസ്ഥാനങ്ങളിൽ നിന്നും വിദേശ രാജ്യങ്ങൾ നിന്ന് പോലും വിദ്യാർത്ഥികൾ ഇവിടെ വന്നു പഠിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാവുമെന്ന് മന്ത്രി റോജി എം ജോൺ കൂട്ടിച്ചേർത്തു.

ചടങ്ങിൽ ഫിസാറ് ചെയർമാൻ പി ആർ ഷിമിത്ത് അധ്യക്ഷത വഹിച്ചു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ചടങ്ങിൽ പ്രേത്യക സമ്മാനങ്ങൾ നൽകി ആദരിച്ചു . എം ബി എ, എം സി എ, എം ടെക്, ബി ടെക്ക് വിദ്യാർത്ഥികൾക്കാണ് കോഴ്സ് പൂർത്തീകരണ സെർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തത്. പ്രൗഢ ഗംഭീരമായ ചടങ്ങിൽ ബാംഗ്ലൂർ എത്തനോട്ടക്ക് അക്കാദമി ചെയർമാൻ ഡോ കിരൺ രാജണ്ണ, ഫിസാറ്റ് വൈസ് ചെയർമാൻ സച്ചിൻ ജേക്കബ് പോൾ, ട്രഷറർ ജെനിബ് ജെ കാച്ചപ്പിള്ളി, പ്രിൻസിപ്പൽ ഡോ ജേക്കബ് തോമസ്, മാനേജിങ് കമ്മിറ്റി അംഗങ്ങൾ, വിവിധ വകുപ്പുകളുടെ മേധാവിമാർ, തുടങ്ങി നിരവധി പ്രമുഖർ പരിപാടിയിൽ പങ്കെടുത്തു.

അമ്മയിൽ പ്രശ്നപരിഹാരത്തിന് ശ്രമങ്ങൾ തുടങ്ങി

കൊച്ചി: താരസംഘടനയായ അമ്മയിൽ അഡ്ഹോക്ക് കമ്മിറ്റിയുടെ കൺവീനറായ രമേഷ് പിഷാരടിയുടെ നേതൃത്വത്തിൽ പ്രശ്നപരിഹാര ശ്രമങ്ങൾ തുടങ്ങി. 'അമ്മ'യിൽ നിന്ന് രാജിവച്ച അംഗങ്ങളെ തിരിച്ചെത്തിക്കുമെന്ന് പാലക്കാട് എംഎൽഎ കൂടിയായ രമേശ് പിഷാരടി പറഞ്ഞു. 'അമ്മ'യുടെ അഡ്ഹോക്ക് കമ്മിറ്റി യോഗം ഇന്നലെ ചേർന്നുവെന്നും ഉടൻ തെരഞ്ഞെടുപ്പ് നടത്തി പുതിയ ഭാരവാഹികളെ കണ്ടെത്തുമെന്നും അദ്ദേഹം കൊച്ചിയിൽ മാധ്യമങ്ങളോട് പറഞ്ഞു. 'അമ്മ'യുടെ സ്ഥിരം കമ്മിറ്റിയുടെ ഭാരവാഹിത്വം താൻ ഏറ്റെടുക്കില്ലെന്നും പരിഹരിക്കപ്പെടാവുന്ന വിഷയങ്ങൾ മാത്രമാണ് സംഘടനയിൽ ഉള്ളതെന്നും രമേഷ് പിഷാരടി വ്യക്തമാക്കി. 'അമ്മയുടെ പോളിസി മേക്കിങ്ങിലോ സാമ്പത്തികമായ ഇടപാടുകളിലോ ഒന്നും മാറ്റമുണ്ടാക്കാൻ അധികാരമുള്ള കമ്മിറ്റിയല്ല ഇത്. പക്ഷേ സംഘടന എന്ന നിലയിൽ വ്യക്തിപരമായ പ്രശ്നങ്ങളിൽ പരമാവധി ഇടപെട്ടു കൊണ്ട് എങ്ങനെ പരിഹരിക്കാം എന്ന ചർച്ചകളും അതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. അഡ്ഹോക്ക് കമ്മിറ്റി ആദ്യത്തെ യോഗം കൂടി. കുറച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അത് ഇപ്പോൾ മാധ്യമങ്ങളോട് പറയാനാകില്ല. തെരഞ്ഞെടുപ്പ് എത്രയും പെട്ടന്ന് നടത്തുക എന്നതാണ് ലക്ഷ്യം. രാജിവച്ചുപോയ എല്ലാവരെയും തിരിച്ചുവിളിക്കും.രമേഷ് പിഷാരടി വ്യക്തമാക്കി. അതേസമയം മുൻ അധ്യക്ഷ ശ്വേതാ മേനോൻ ഇന്ന് നടത്താനിരുന്ന വാർത്താസമ്മേളനം മാറ്റിവെച്ചു.

ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമം

പറവൂർ: വയോധികനെ പോക്സോ കേസിൽ പെടുത്തുമെന്ന് ഭീഷണിപ്പെടുത്തി പണം തട്ടാൻ ശ്രമം..സംഭവത്തിൽ കോതകുളം ഐശ്വര്യ നഗർ റെസിഡെന്റ്സ് ഷീലാ നിവാസിൽ ഗോപൻ മാധവൻപിള്ള പറവൂർ പൊലീസിലും, മുനമ്പം ഡിവൈഎസ്പിക്കും പരാതി നൽകി.

40 വർഷം അന്യനാട്ടിലായിരുന്ന ഇദ്ദേഹം ഏഴ് വർഷം മുമ്പാണ് ഇവിടെ താമസമാക്കിയത്. അയൽവാസിയുടെ കുട്ടികളോട് മോശമായി പെരുമാറിയതിന്റെ വീഡിയോ കൈവശമുണ്ടെന്നും ചോദിക്കുന്ന പണം തന്നില്ലെങ്കിൽ ഇദ്ദേഹത്തിന്റെ മക്കൾക്കുൾപ്പടെ വീഡിയോ അയച്ച് പരസ്യപ്പെടുത്തുമെന്നും കത്തിൽ പറയുന്നു. പ്രശ്നം പുറത്ത് വരാതിരിക്കണമെങ്കിൽ 15 ലക്ഷം രൂപ തരണമെന്നും മുൻകൂറായി രണ്ട് ലക്ഷം രൂപ തൊട്ടടുത്ത കടയിൽ എൽപ്പിക്കണമെന്നും ഇല്ലെങ്കിൽ സാമൂഹ്യ മാധ്യമങ്ങളിലൂടെ വീഡിയോ പ്രചരിപ്പിക്കുമെന്നും കത്തിലൂടെ ഭീഷണിപ്പെടുത്തുന്നുണ്ട്. സംശയമുള്ള വ്യക്തിയുടെ പേര് പൊലീസിനെ അറിയിച്ചിട്ടുണ്ടെന്നും തനിക്കെതിരെ ഗൂഢാലോചന നടത്തുന്നയാളെ കണ്ടെത്തി നിയമ നടപടി സ്വീകരിക്കണമെന്നും പരാതിയിൽ ആവശ്യപ്പെട്ടു.

pnb Housing Finance Limited Ghar Ki Baat

അനുബന്ധം-IV-എ - ഇ-ലേലം-പബ്ലിക് സെയിൽ നോട്ടീസ്, സ്ഥാവര സ്വത്തുക്കളുടെ

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ്, 2002ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തുവായിക്കുക, പ്രകാരം സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

രജിസ്റ്റർ ചെയ്ത ഓഫീസ്: 9-ാം നില, അന്തരിക്ഷ് ഭവൻ, 22, കെ.ജി. മാർഗ്, ന്യൂഡൽഹി-110 001 Ph.: 011-23357171, 23357172, 23705414, വെബ്സൈറ്റ്: www.pnbhousing.com

ശാഖ ഓഫീസ്: ഒന്നാം നില, ചാക്കോസ് ടവർ, എംജി റോഡ്, എറണാകുളം, കൊച്ചി - 682035, കേരളം

[illegible] www.pnbhousing.com.

ലോൺ നമ്പർ വായ്പക്കാരന്റെ/സഹവായ്പക്കാരന്റെ/ജാമ്യക്കാരന്റെ/നിയമപരമായ അവകാശിയുടെ പേര് (എ)	ആവശ്യപ്പെട്ട തുക & തിയതി (ബി)	[illegible] (സി)	ജാമ്യമായി നൽകിയ വസ്തുക്കളുടെ വിവരണങ്ങൾ (ഡി)	റിസർവ് തുക (ആർപി) (ഇ)	ഇഎംഡി [illegible]	[illegible]	ബിഡ് വർധന തുക [illegible]	[illegible]	ലേലത്തിന്റെ തിയതി & സമയം [illegible]	[illegible]
HOU/COC/1216/341249 മനോജ്കുമാർ എം എസ് / ജിൻസി മനോജ്, ബിഒ : കൊച്ചി	Rs. 42,16,102.00 as on 23.09.2024	[illegible]	റീ സർവ്വേ നമ്പർ 117/33/2/2 ബ്ലോക്ക് നമ്പർ 6, വെട്ടിയാർ വില്ലേജ്, മാവേലിക്കര താലൂക്ക്, ആലപ്പുഴ, കേരളം-690558	Rs. 38,75,000	Rs. 3,87,500	16.07.2026	Rs. 10,000	03.07.2026 11:00 AM to 5:00 PM	17.07.2026 2:00 PM to 3:00 PM	(അറിവില്ല)

[illegible] M/s Foreclosureindia.com [illegible] info@bankauctions.in [illegible] 8848434163 / 9061485392 / 8129651394, ഇ-മെയിൽ: auction@pnbhousing.com, അല്ലെങ്കിൽ www.pnbhousing.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

സ്ഥലം: കൊച്ചി , തിയതി: 26.06.2026

ഒപ്പ്/- അംഗീകൃത ഓഫീസർ, M/s പിഎൻബി ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

BAJAJ HOUSING FINANCE

ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

കോർപ്പറേറ്റ് ഓഫീസ്: സെറിബ്രം ഐടി പാർക്ക്, ബി2 ബിൽഡിംഗ്, അഞ്ചാം നില, കല്യാണി നഗർ, പൂണെ, മഹാരാഷ്ട്ര- 411014., ശാഖ ഓഫീസ്: ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്, നാലാം നില, ബിസിജി എസ്റ്റേറ്റ്, നെക്സ പോപ്പുലർ ഷോറൂമിന് സമീപം, എൻഎച്ച് ബൈപാസ്, പാലാരിവട്ടം, കൊച്ചി, കേരളം- 682025., അംഗീകൃത ഉദ്യോഗസ്ഥന്റെ വിവരങ്ങൾ: പേര്: പ്രവീൺകുമാർ കെ.പി. ; ഇമെയിൽ ഐഡി: praveenkumar.kp2@bajajhousing.co.in ; മൊബൈൽ നമ്പർ: +91 9847900100

അനുബന്ധം IV - A [ചട്ടം 8(6)] സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള വിൽപ്പന നോട്ടീസ്

2002ലെ സെക്യൂരിറ്റൈസേഷൻ ആൻഡ് റികൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്റ്റ് പ്രകാരവും 2002ലെ സെക്യൂരിറ്റിസ് ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിലെ പ്രൊവിസോ റൂൾ 8(6) ചേർത്തു വായന പ്രകാരവും സ്ഥാവര വസ്തുക്കളുടെ വിൽപ്പനയ്ക്കുള്ള ഇ-ലേല വിൽപ്പന നോട്ടീസ്.

താഴെ വിവരിച്ചിരിക്കുന്നതും സെക്യേർഡ് ക്രെഡിറ്റർക്ക് പണയം വച്ചിരിക്കുന്നതുമായ പ്രസ്തുത സ്ഥാവര വസ്തുക്കൾ ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡി ന്റെ (സെക്യേർഡ് ക്രെഡിറ്റർ) അംഗീകൃത ഉദ്യോഗസ്ഥൻ ഫിസിക്കൽ പൊസഷൻ നടത്തി ഏറ്റെടുത്തിട്ടുള്ളതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും, വായ്പക്കാർക്കും/ജാമ്യക്കാർക്കും പ്രത്യേകിച്ചും ഇതിനാൽ അറിയിപ്പ് നൽകുന്നു. ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡിലേക്ക് താഴെപ്പറയുന്ന പ്രകാരം ലഭിക്കാനുള്ള വായ്പ കുടിശിക, ബാധകമായ പലിശ, ചാർജുകൾ, ചെലവുകൾ എന്നിവ ഈടാക്കുന്നതിനായി സെക്യേർഡ് അസറ്റുകൾ 'എവിടെയാണോ ഉള്ളത്', 'എന്താണോ ഉള്ളത്', 'എന്തൊക്കെയാണോ ഉള്ളത്' കൂടാതെ 'ബാധ്യതകൾ ഇല്ലാത്ത വ്യവസ്ഥയിൽ' ഇ-ലേലത്തിലൂടെ വിൽക്കുന്നതായിരിക്കും.

വായ്പക്കാർ/സഹവായ്പക്കാർ/ജാമ്യക്കാർ എന്നിവരുടെ വിവരങ്ങളും വായ്പാ വിവരങ്ങളും	1. ഇ-ലേലം നടക്കുന്ന തിയതിയും സമയവും 2. ഇഎംഡി സമർപ്പിക്കേണ്ട അവസാന തിയതി 3. വസ്തു പരിശോധിക്കാനുള്ള തിയതിയും സമയവും	1. റിസർവ് തുക 2. വസ്തുവിന്റെ ഇഎംഡി 3. ബിഡ് വർധന തുക
LAN: H415HHL0150546 and H415HLT 0170120, 1. രാമനാഥൻ എൻ.എം. (വായ്പക്കാരൻ), നെടുമറ്റത്തിൽ ഹൗസ്, ഡെൽറ്റ പ്ലൈവുഡിന് സമീപം, കൊച്ചി, കേരളം-683545. 2. മോഹനൻ ആർ. (പരേതനായതിനാൽ നിയമപരമായ അവകാശികൾ വഴി) (സഹ-വായ്പക്കാരൻ), നെടുമറ്റത്തിൽ ഹൗസ്, ഡെൽറ്റ പ്ലൈവുഡിന് സമീപം, കൊച്ചി, കേരളം-683545. 3. ദേവു എൻ.എം. (മോഹനൻ ആർ എന്നയാളുടെ നിയമപരമായ അവകാശി), നെടുമറ്റത്തിൽ ഹൗസ്, ഡെൽറ്റ പ്ലൈവുഡിന് സമീപം, കൊച്ചി, കേരളം-683545. 4. രാമനാഥൻ എൻ.എം. (മോഹനൻ ആർ എന്നയാളുടെ നിയമപരമായ അവകാശി), നെടുമറ്റത്തിൽ ഹൗസ്, ഡെൽറ്റ പ്ലൈവുഡിന് സമീപം, കൊച്ചി, കേരളം-683545. ആകെ കുടിശിക: Rs. 59,42,374/- (അമ്പത്തൊമ്പത് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി മുന്നൂറ്റി എഴുപത്തിനാല് രൂപ) 19/06/2026 മുതൽ പ്രാബല്യത്തിൽ വരുന്ന ഭാവി പലിശയും മറ്റ് ചാർജുകളും സഹിതം.	(1) ഇ-ലേല തിയതി: 2026 ജൂലൈ 15, രാവിലെ 11:00 മണി മുതൽ ഉച്ചയ്ക്ക് 12:00 മണി വരെ (5 മിനിറ്റ് അൺലിമിറ്റഡ് എക്സ്റ്റൻഷനോടെ); (2) കെവൈസി സഹിതം നിരതദ്രവ്യം (ഇഎംഡി) സമർപ്പിക്കേണ്ട അവസാന തിയതി: 2026 ജൂലൈ 14 വൈകുന്നേരം 5:00 മണി വരെ (ഐഎസ്ടി); (3) പരിശോധനാ തിയതി: 2026 ജൂൺ 27 മുതൽ 2026 ജൂലൈ 14 വരെ, രാവിലെ 11:00 മണി മുതൽ വൈകുന്നേരം 4:00 മണി വരെ (ഐഎസ്ടി).	(1) സ്ഥാവര സ്ഥലത്തിന്റെ റിസർവ് വില: Rs. 45,00,000/- (നാൽപത്തഞ്ച് ലക്ഷം രൂപ); (2) നിരതദ്രവ്യ നിക്ഷേപം (ഇഎംഡി): Rs. 4,50,000/- (നാല് ലക്ഷത്തി അമ്പതിനായിരം രൂപ) റിസർവ് വിലയുടെ 10%; (3) ലേല വർധന തുക: Rs. 25,000/- (ഇരുപത്തിയയ്യായിരം രൂപ) കൂടാതെ അതിലെ ഗുണിതങ്ങളായും

സ്ഥാവര സ്ഥലത്തിന്റെ വിവരണം: ഷെഡ്യൂൾ പ്രോപ്പർട്ടി: എറണാകുളം ജില്ലയിൽ കുന്നത്തുനാട് താലൂക്കിൽ പെരുമ്പാവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 131ൽ റീസർവെ നമ്പർ 59/1-2 (പഴയ സർവെ നമ്പർ 171/14)ലെ 4.86 ആഴ്സ് കൃഷി ഇതര ആവശ്യങ്ങൾക്കുള്ള സ്ഥലവും അതിലെ മറ്റു വസ്തുവകകളും എല്ലാം ഉൾപ്പടെ. അതിർത്തികൾ: കിഴക്ക്: 12 അടി വീതിയുള്ള വഴി, പടിഞ്ഞാറ്: അനീഷ് വി. പാച്ചുവിന്റെ സ്ഥലം, വടക്ക്: സാവിത്രിയുടെ സ്ഥലം, തെക്ക്: രാധാ ശിവരാജന്റെ സ്ഥലം.

പൊതുലേലത്തിന്റെ നിബന്ധനകളും വ്യവസ്ഥകളും താഴെപ്പറയുന്നവയാണ്:
* റിസർവ് തുകയ്ക്ക് താഴെയായി ഈടു വസ്തു വിൽക്കുന്നതല്ല. * ലേല വിൽപ്പന ഇ-ലേലം പോർട്ടൽ വഴി ഓൺലൈനായി മാത്രമായിരിക്കും നടക്കുക. * ഇ-ലേലം 2026 ജൂലൈ 15ന് രാവിലെ 11.00 മണി മുതൽ ഉച്ചയ്ക്ക് 12:00 മണി വരെ https://bankauctions.in/ എന്ന പോർട്ടൽ വഴി നടക്കും. (ഓരോ അവസാന മിനിറ്റിലും 5 മിനിറ്റ് വീതം അൺലിമിറ്റഡ് ഓട്ടോമേറ്റഡ് എക്സ്റ്റൻഷനോടെ). * വിശദമായ നിബന്ധനകൾക്കും വ്യവസ്ഥകൾക്കുമായി കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റ് ലിങ്ക് https://www.bajajhousingfinance.in/auction-notices സന്ദർശിക്കുക, അല്ലെങ്കിൽ എന്തെങ്കിലും വ്യക്തത വേണമെന്നുണ്ടെങ്കിൽ കമ്പനിയുടെ അംഗീകൃത ഉദ്യോഗസ്ഥനുമായി ബന്ധപ്പെടുക.

തിയതി: 27.06.2026 സ്ഥലം: കൊച്ചി

അംഗീകൃത ഉദ്യോഗസ്ഥൻ (പ്രവീൺകുമാർ കെ.പി.) ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡ്

Edited, Printed and Published by Prasanth Narayanan on behalf of M/s.Vaartha News Network Pvt.Ltd., V Rejikumar (Executive Editor), Vol.11, Issue No.172.RNI No.KERMAL/2018/76414 Printed at Ideal Printers, Chalikkavattom, Vennala PO, Kochi-682028 and Published from Vaartha News Network Pvt.Ltd 3rd Floor, KTDFC Bldg., (KSRTC Bus Stand) Angamaly P.O. Ernakulam - 683572. Ph: 0484 2383388 Email: alpbureau@metrovaartha.com, info@metrovaartha.com